**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3660** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിൽ നടപ്പിലാക്കിയ പരീക്ഷാ ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയിൽ പരീക്ഷ നടത്തിപ്പ് വേഗത്തിലാക്കുന്നതിന് ആവിഷ്കരിച്ച ,ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേക്ക് ഓൺലൈൻ ആയി അയയ്ക്കൽ, ബാർകോഡ് അധിഷ്ഠിത പരീക്ഷ നടത്തിപ്പ് എന്നിവ എന്ന് മുതലാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | കാലിക്കറ്റ് സർവ്വകലാശാല ചോദ്യപേപ്പർ ഓൺലൈൻ ആയി അയക്കൽ 12.11.2021-ൽ ഒന്നാം സെമസ്റ്റർ പി.ജി പരീക്ഷയിൽ (11/2020 സെഷൻ) ആണ് നടപ്പിലാക്കിയത്. ബാർകോഡ് അധിഷ്ഠിതം ആയിട്ടുള്ള പരീക്ഷാ സംവിധാനം ആദ്യമായി നടപ്പിലാക്കിയത് ഏപ്രിൽ 2022- ൽ രണ്ടാം സെമസ്റ്റർ ബി.എഡ് പരീക്ഷയിലാണ്. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ നടപ്പിലാക്കിയതിനെത്തുടർന്ന് ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേക്ക് ഓൺലൈൻ ആയി അയയ്ക്കൽ മുതൽ ഉത്തരപേപ്പറുകളുടെ മൂല്യനിർണയത്തിന് ശേഷമുള്ള ഫലപ്രഖ്യാപനം വരെയുള്ള പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | ചോദ്യപേപ്പർ ഓൺലൈൻ ആയി മൂന്നു തരം സുരക്ഷിതത്വത്തോടുകൂടി ആണു അയക്കുന്നത്. അതാതു കോളേജുകളിലെ ചീഫ് സൂപ്രണ്ടിനു പ്രസ്തുത സുരക്ഷിതത്വം മുഖേന ഡൗൺലോഡ് ചെയ്ത് എടുക്കാവുന്ന തരത്തിലാണ് പരീക്ഷയ്ക്ക് മുമ്പ് അയച്ചു നൽകുന്നത്.<br><br>പരീക്ഷ കഴിഞ്ഞ ഉടനെ അന്നേദിവസം തന്നെ പ്രസ്തുത കോളേജുകൾ ഉത്തര കടലാസിലെ ബാർ കോഡുകൾ മാപ്പ് ചെയ്യുകയും, തുടർന്ന്, പാക്ക് ചെയ്ത് ഡെസ്പാച്ച് ചെയ്യുന്ന ഓപ്ഷൻ ആക്കി സൂക്ഷിക്കേണ്ടതാണ്. |
| (സി) | പരീക്ഷകളുടെ മൂല്യനിർണയം, ഫലപ്രഖ്യാപനം എന്നിവയുമായി ബന്ധപ്പെട്ട് മുമ്പ് നിലവിലുണ്ടായിരുന്ന രീതിയിലെയും ബാർകോഡ് അധിഷ്ഠിത പരീക്ഷ രീതിയിലെയും വ്യത്യാസങ്ങൾ വ്യക്തമാക്കാമോ; | (സി) | പഴയ രീതിയിലാണെങ്കിൽ പരീക്ഷ എഴുതിയ ഉത്തര കടലാസുകൾ അതത് കോളേജിൽ സൂക്ഷിക്കുകയും പരീക്ഷ കഴിഞ്ഞതിനുശേഷം പരീക്ഷാഭവനിൽ നിന്നും മോണിറ്ററിംഗ് വിഭാഗം മുഖാന്തരം സർവ്വകലാശാല വാഹനം ഉപയോഗിച്ച് അതത് കോളേജിൽ നിന്നും ഉത്തര കടലാസ് കളക്ട് ചെയ്ത് പരീക്ഷ ഭവനിൽ എത്തിക്കുന്നു. പരീക്ഷാഭവനിൽ എത്തുന്ന ഉത്തരകടലാസുകൾ സോർട് ചെയ്യുകയും അവ ബ്രാഞ്ച് തലത്തിൽ ആക്കി തരംതിരിച്ച് ഓരോ ബ്രാഞ്ചുകളിലും എത്തിക്കുകയും ചെയ്യും.<br><br>ഓരോ ബ്രാഞ്ചുകളിലും ലഭിച്ചിട്ടുള്ള ഉത്തരകടലാസുകൾ അവരുടേതാണോ എന്ന് |

പരിശോധിച്ചു, ആയതിനുശേഷം ഉത്തര കടലാസിൽ രജിസ്റ്റർ നമ്പർ എഴുതിയ ഭാഗം കീറിയെടുക്കുകയും അവ കൗണ്ടർഫോയിൽ ആയി സൂക്ഷിക്കുകയും ചെയ്യും. തുടർന്ന് പ്രസ്തുത പേപ്പറുകളിൽ ഫാൾസ് നമ്പർ ചെയ്യുകയും അവ കമ്പ്യൂട്ടറിൽ എൻട്രി നടത്തുകയും ചെയ്യുന്നതാണ്.

ഫാൾസ് നമ്പർ ചെയ്ത ഉത്തര കടലാസ്സുകൾ ക്യാമ്പ് തലത്തിൽ തരംതിരിച്ച് ബണ്ടിലാക്കി മോണിറ്ററിങ് വിഭാഗത്തിലേക്ക് ഓരോ ബ്രാഞ്ചുകളും തിരിച്ചെത്തിക്കുകയും മോണിറ്ററിങ് വിഭാഗം സർവ്വകലാശാല വാഹനം ഉപയോഗിച്ച് അതത് ക്യാമ്പുകളിൽ എത്തിക്കുകയും ചെയ്യുന്നു. പ്രസ്തുത ഉത്തര കടലാസ്സുകൾ ക്യാമ്പ് ചെയർമാൻമാർ സ്വീകരിക്കുകയും മൂല്യനിർണ്ണയം നടത്തുന്നതിന് മറ്റ് അഡീഷണൽ എക്സാമി നർമാർക്ക് തരംതിരിച്ച് നൽകുകയും തരംതിരിച്ച് നൽകിയ ഉത്തരകടലാസുകൾ അതാത് അധ്യാപകർ മൂല്യനിർണയം നടത്തി മാർക്ക് ഷീറ്റായി തയ്യാറാക്കി സർവ്വകലാശാലയിൽ തിരികെ നൽകുകയുമാണ് ചെയ്യുന്നത്.

പരീക്ഷാഭവനിൽ എത്തുന്ന പ്രസ്തുത മാർക്കുകൾ അതത് ബ്രാഞ്ചുകളിൽ നൽകുകയും ബ്രാഞ്ചുകളിൽ നിന്നും പ്രസ്തുത ഫാൾസ് നമ്പർ ഡീകോഡ് ചെയ്ത മാർക്ക് എൻട്രി നടത്തുകയും ചെയ്യുന്നു. മാർക്ക് എൻട്രി പൂർത്തിയായതിനു ശേഷം പാസ്സ്ബോർഡ് കൂടി മോഡറേഷൻ നിശ്ചയിക്കും ചെയ്യും. അവ പരിശോധിച്ച ഫലപ്രഖ്യാപനം തൊട്ടടുത്ത ദിവസം നടത്തുന്നതും ആണ്.

ബാർകോഡ് അധിഷ്ഠിത പരീക്ഷകളിൽ പ്രസ്തുത സെഷനിലെ എല്ലാ പരീക്ഷകളും പൂർത്തിയായതിനുശേഷം പോസ്റ്റൽ ഡിപ്പാർട്ട്മെൻറ് പിറ്റേദിവസം തന്നെ എല്ലാ കോളേജുകളെയും സമീപിക്കുകയും പ്രസ്തുത ഉത്തര കടലാസ് അടങ്ങുന്ന ബണ്ടിലുകൾ കളക്ട് ചെയ്ത് കോൺഫിഡൻഷ്യൽ ആയി നിശ്ചയിച്ച പ്രകാരമുള്ള ക്യാമ്പുകളിൽ എത്തിക്കുകയും ചെയ്യുന്നു.

പ്രസ്തുത ഉത്തര കടലാസ്സുകൾ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ പക്കൽ നിന്നും അതത് ക്യാമ്പുകളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള യൂണിവേഴ്സിറ്റി ജീവനക്കാർ സ്വീകരിക്കുകയും, ഓരോ ഉത്തരക്കടലാസിലും ഫാൾസ് നമ്പർ സ്റ്റിക്കർ ഒട്ടിക്കുകയും ചെയ്യുന്നു. ഇവ ക്യാമ്പ് ആരംഭിക്കുന്ന ദിവസം ചെയർമാൻമാർക്ക് കൈമാറ്റം ചെയ്യുന്നതും

| | | | |
|---|---|---|---|
| | | | ആണ്.<br><br>ക്യാമ്പ് ദിനങ്ങളിൽ ഓരോ അധ്യാപകർക്കും മുൻ നിശ്ചയിച്ച പ്രകാരമുള്ള എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരകടലാസുകൾ തരംതിരിച്ച് ക്യാമ്പ് ചെയർമാൻ നൽകുകയും അവ മൂല്യനിർണയം പൂർത്തിയാക്കി വരുന്ന മുറയ്ക്ക് ഓരോ അഡിഷണൽ എക്സാമിനർമാരും യൂണിവേഴ്സിറ്റി പോർട്ടലിൽ അവർക്ക് ലഭിച്ചിട്ടുള്ള യൂസർ ഐഡി / പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് മാർക്ക് എൻട്രി നടത്തുകയും ചെയ്യുന്നു. പ്രസ്തുത മാർക്ക് എൻട്രി ചീഫ് എക്സാമിനർ വെരിഫൈ ചെയ്യുകയും, ചെയർമാൻ അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനു ശേഷം മാത്രമേ യൂണിവേഴ്സിറ്റിയിൽ ലഭ്യമാകു.<br><br>ക്യാമ്പ് തീരുന്ന മുറക്ക് ഉത്തര കടലാസുകൾ പ്രസ്തുത എക്സാമിനർമാർ 200 വീതമുള്ള ബണ്ടിലാക്കി ക്യാമ്പ് ഓഫീസർക്ക് നൽകുകയും ക്യാമ്പ് ഓഫീസർ ലോട്ട് നമ്പർ പ്രസ്തുത ബണ്ടിലിൽ ഒട്ടിച്ച് ക്യാമ്പിൽ സൂക്ഷിക്കുകയും, ക്യാമ്പ് അവസാനിച്ചതിന് അടുത്ത ദിവസം പരീക്ഷാഭവനിൽ നിന്നും എത്തുന്ന വാഹനത്തിൽ കളക്ട് ചെയ്ത് പരീക്ഷാഭവനിലെ സീമിൽ (CEAM) സൂക്ഷിക്കുകയും ചെയ്യുന്നു.<br><br>ക്യാമ്പ് തീർന്നു മാർക്ക് എൻട്രി പൂർത്തിയാക്കിയതിന്റെ പിറ്റേദിവസം പാസ് ബോർഡ് കൂടി റിസൾട്ട് മോഡറേഷൻ നൽകേണ്ടതാണെങ്കിൽ അവ ഫിക്സ് ചെയ്യുകയും പ്രസതുത റിസൾട്ട് അംഗീകരിക്കുകയും, മോഡറേഷൻ പറഞ്ഞിട്ടുണ്ടെങ്കിൽ അവ നൽകി റിസൾട്ട് തൊട്ടടുത്ത ദിവസം പ്രസിദ്ധീകരിക്കുകയും ആണ് ചെയ്യുക |
| (ഡി) | മൂല്യനിർണയ ക്യാമ്പുകളിൽ നിന്നും അധ്യാപകർ ബന്ധപ്പെട്ട പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന മാർക്കുകൾ ഉൾപ്പെടെയുള്ള ഡാറ്റകൾ ഫലപ്രഖ്യാപനത്തിന് മുമ്പ് വീണ്ടും ഒത്തുനോക്കുന്നതിനോ വ്യത്യാസം ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുന്നതിനോ നിലവിൽ സംവിധാനമുണ്ടോയെന്ന് വിശദമാക്കാമോ? | (ഡി) | ഓരോ ഉത്തരക്കടലാസും മൂല്യനിർണ്ണയം നടത്തിയതിനു ശേഷം ക്യാമ്പിൽ അഡീഷണൽ എക്സാമിനർ തനിക്ക് ലഭിച്ചിട്ടുള്ള യൂസർ ഐ ഡി, പാസ്സ്‌വേർഡ് ഉപയോഗിച്ച് മാർക്ക് എൻട്രി നടത്തുകയും പ്രസ്തുത മാർക്കുകൾ ചീഫ് എക്സാമിനർ പരിശോധിക്കുകയും ചെയർമാൻ മൂന്നാമതും പരിശോധിച്ച അവ ഫൈനലൈസ് ചെയ്യുകയും ആണ് ചെയ്യുന്നത്. ഇപ്രകാരം ഫൈനലൈസ് ചെയ്ത മാർക്ക് ആണ് പരീക്ഷ ഭവനിൽ ലഭ്യമാകുന്നത്. ആയതുകൊണ്ട് തന്നെ തെറ്റുകൾ ഉണ്ടാകുന്നത് വളരെ വിരളമായ സാഹചര്യത്തിൽ മാത്രമാണ്. എന്നാൽ തെറ്റുകൾ ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ യൂണിവേഴ്സിറ്റിയിലെ നിലവിലുള്ള |

| | | | |
|---|---|---|---|
| | | | നിയമപ്രകാരം തിരുത്തലുകൾ വരുത്തുന്നതിന് അവസരവും ഉണ്ട്. |

സെക്ഷൻ ഓഫീസർ